## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17      06.01.2014-ൽ മറുപടിയ്ക്ക്

### മുന്നോക്കസമുദായ കമ്മീഷൻ രൂപീകരണം

| | ചോദ്യം<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.ഡി. സതീശൻ<br>,, പാലോട് രവി<br>,, കെ. മുരളീധരൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മുന്നോക്കസമുദായ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ : | (എ) | ഉണ്ട്. 11.03.2013-ലെ ജി.ഒ. (എം.എസ്) 67/13/പൊഭവ നമ്പർ ഉത്തരവ് മുഖേന കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷൻ എന്ന പേരിൽ ഒരു സ്ഥിരം സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്മീഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ : | (ബി) യും (സി) യും | മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അപഗ്രഥിക്കുന്നതിനും ക്ഷേമകാര്യങ്ങൾ ശുപാർശ ചെയ്യുന്നതിലേക്കും മുന്നോക്ക സമുദായങ്ങളെ കണ്ടെത്തുന്നതിനുമായാണ് കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷൻ എന്ന പേരിൽ ഒരു സ്ഥിരം കമ്മീഷൻ രൂപീകരിച്ചുത്തരവായത്. |
| (സി) | മുന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് : | | |
| (ഡി) | ആയതിനുവേണ്ടിയുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (ഡി) | നിയമ വകുപ്പ് തയ്യാറാക്കി നൽകിയ കരട് ബിൽ നിയമസഭയിൽ പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ നിയമവകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കേരളാ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69- ാം ചട്ടപ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി പ്രസ്തുത ബില്ലിന്റെ മലയാളത്തിലുള്ള 3 പകർപ്പുകൾ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തതായി നിയമ വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ